**പതിമൂന്നാം കേരള നിയമസഭ**
**എട്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1509 — 22/03/2013-ൽ മറുപടിയ്ക്ക്

# നാളികേര കൃഷിക്കായി പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഇ. കെ. വിജയൻ | **കെ.പി.മോഹനൻ**<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| എ) നാളികേര തോട്ടങ്ങളുടെ പുനരുദ്ധാരണത്തിന് കേരള നാളികേര വികസന ബോർഡ് എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കുന്നത്; | എ) രോഗം ബാധിച്ചതും ഉല്പാദന ക്ഷമത തീരെ കുറഞ്ഞതുമായ തെങ്ങുകൾ വെട്ടിമാറ്റി പകരം അത്യുല്പാദനശേഷിയുള്ള പുതിയ തൈകൾ നട്ടുപിടിപ്പിക്കുന്ന "തെങ്ങുകൃഷി പുനരുദ്ധാരണം" എന്ന പദ്ധതി നാളികേര വികസന ബോർഡ് നടപ്പിലാക്കി വരുന്നു. തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ എന്നീ മൂന്ന് ജില്ലകളിലാണ് ഈ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. |
| ബി) ഉൽപാദനശേഷിയുള്ളതും ചെലവ് കുറഞ്ഞതുമായ നാളികേര കൃഷി നടത്തുന്നതിന് എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കുന്നത്; വിശദമാക്കാമോ; | ബി) ഉൽപാദനശേഷിയുള്ളതും ചെലവ് കുറഞ്ഞതുമായ നാളികേര കൃഷി നടത്തുന്നതിന് തെങ്ങുകൃഷി പുനരുദ്ധാരണ പദ്ധതി, നാളികേര വികസന പദ്ധതി (കേരശ്രീ), കുട്ടനാട് പാക്കേജ്, ഇടുക്കി പാക്കേജ്, സംയോജിത നാളികേര വികസന പദ്ധതി, രാഷ്ട്രീയ കൃഷി വികാസ് യോജന എന്നീ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. |

| | |
|---|---|
| സി) മുഴുവൻ നാളികേര കർഷകർക്കും പെൻഷൻ ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കുമോ? | സി) ചെറുകിട നാമമാത്ര കർഷക പെൻഷൻ പദ്ധതി പ്രകാരം 2 ഹെക്ടർ വരെ കൃഷി ഭൂമി ഉള്ള ചെറുകിട നാമമാത്ര കർഷകർക്ക് 400 രൂപ പെൻഷൻ നൽകി വരുന്നുണ്ട്. ഇതിൻ പ്രകാരം നെല്ല്, തെങ്ങ്, പച്ചക്കറി, കിഴങ്ങുവർഗ്ഗങ്ങൾ, സുഗന്ധവിളകൾ തുടങ്ങിയ ഏതു വിളകളും കൃഷി ചെയ്യുന്ന കർഷകന് ആനുകൂല്യം നൽകാവുന്നതാണ്. 2 ഹെക്ടറിൽ കൂടുതൽ കൃഷി ഭൂമിയുള്ള നാളികേര കർഷകർക്ക് പെൻഷൻ നൽകുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ